## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **711** — **28.02.2017**- ൽ മറുപടിയ്ക്ക്

### <u>സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എഴുതി തള്ളൽ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ. ഡി.കെ. മുരളി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കാൻസർ, പരാലിസിസ്, വൃക്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവ മൂലം യാതന അനുഭവിക്കുന്നവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ എഴുതി തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) ക്യാൻസർ ബാധിതർ, വൃക്ക സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ക്ഷയരോഗം ബാധിച്ചവർ എന്നിവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതലിൽ 75,000/- രൂപ എഴുതിത്തള്ളുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. വായ്പക്കാരൻ വായ്പ എടുക്കുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരമുള്ള വിഹിതം ബാങ്കിൽ ഒടുക്കണം. ആനുകൂല്യം ലഭിയ്ക്കുന്നതിന് ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും സഹിതമുള്ള അപേക്ഷ അതത് ബാങ്കുകൾ, ഈ പദ്ധതി നടപ്പിലാക്കുന്ന, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നൽകണം. |
| ബി) പ്രസ്തുത രോഗങ്ങൾ മൂലം മരണമടഞ്ഞവരുടെ വായ്പ എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) പ്രസ്തുത രോഗങ്ങൾ മൂലമോ, അല്ലാതെയോ മരണപ്പെട്ടവരുടെ വായ്പ എഴുതി-ത്തള്ളുന്നതിന് കേരള സഹകരണ റിസ്ക്ഫണ്ട് സ്കീമിൽ വ്യവസ്ഥയുണ്ട്. വായ്പ എടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാക്കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുക-യാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളും. ഈ പദ്ധതി നിലവിൽ വന്ന 2008 ന് ശേഷം വായ്പ എടുത്തിട്ടുള്ളവർക്കും |

റിസ്ക് ഫണ്ട് വിഹിതം ബാങ്കിൽ ഒടുക്കിയവർക്കുമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

**സെക്ഷൻ ഓഫീസർ**